**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 449** **13-01-2021 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലം ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി .ടി .എ . റഹീം | | **Dr. T. M. Thomas Isaac**<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബഡ്ജറ്റിൽ പ്രഖ്യാപിച്ച കുന്ദമംഗലം ബൈപ്പാസ് (പണ്ടാരക്കടവ്-ഉണ്ടോടി കടവ്) പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | G.O. ( Rt ) No. 1324 / 2016 / PWD dated 27.09.2016 പ്രകാരം പണ്ടാരപ്പറമ്പ് - ഉണ്ടോടിക്കടവ് ബൈപ്പാസ് നിർമ്മാണത്തിന് ആർ.ബി.ഡി.സി.കെ.യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തുകയും ടി പദ്ധതി പ്രധാന റോഡുകളുമായി ബന്ധിക്കപ്പെടുന്നില്ലാത്തതിനാൽ, പ്രസ്തുത പദ്ധതി എൻ.എച്ച് ന്റെ ഭാഗമായ പടനിലം, കാരന്തൂർ എന്നിവിടങ്ങളിലേക്ക് ദീർഘിപ്പിച്ച് 3 ഭാഗങ്ങളായി ചെയ്യുന്നതിന് പുതുക്കിയ ഭരണാനുമതി ആവശ്യമാണെന്ന് ഗവൺമെന്റിനെ അറിയിക്കുകയും ഗവൺമെന്റ് ആവശ്യപ്പെട്ടത് പ്രകാരം ഓരോ ഘട്ടങ്ങളിലും പ്രതീക്ഷിക്കുന്ന ഏകദേശ ചിലവ് ഉൾപ്പെടുത്തി കൺസപ്റ്റ് റിപ്പോർട്ട് 30.09.2019 ൽ സമർപ്പിച്ചിട്ടുമുണ്ട് . എന്നാൽ കിഫ്ബിയുടെ ധനാനുമതിക്കായി പുതുക്കിയ ഭരണാനുമതി ഇതുവരെ ലഭ്യമായിട്ടില്ല . |
| (ബി) | കുന്ദമംഗലം ടൗണിൽ നിലവിലുള്ള ഗതാഗതക്കുരുക്ക് നീക്കുന്നതിന് പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | പുതുക്കിയ ഭരണാനുമതിയും അതനുസരിച്ചുള്ള വിശദമായ പദ്ധതി റിപ്പോർട്ടും ലഭിക്കുന്ന മുറയ്ക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ